# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4870** — **27.6.2014-ൽ മറുപടിക്ക്**

### ഓഫീസുകൾ സ്വരാജ് ഭവനിലേയ്ക്ക് മാറ്റാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. കെ.എസ്. സലീഖ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്വരാജ്ഭവന്റെ നിർമ്മാണം എന്നാണ് പൂർത്തീകരിച്ചത് ; ഇതിനായി എത്ര രൂപ ചെലവായി; വ്യക്തമാക്കുമോ; | എ) | സ്വരാജ്ഭവന്റെ നിർമ്മാണപ്രവൃത്തികൾ 31.5.2013ൽ ആണ് പൂർത്തീകരിച്ചത്. ഇതിന്റെ നിർമ്മാണത്തിനായി 14,44,45,901 രൂപ (പതിനാലുകോടി നാൽപ്പത്തിനാലു ലക്ഷത്തി നാൽപത്തയ്യായിരത്തി തൊള്ളായിരത്തി ഒന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. |
| ബി) | പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പ്രധാന സർക്കാർ ഓഫീസുകൾ തലസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു; അവയ്ക്കായി നൽകുന്ന പ്രതിമാസ വാടക തുക എത്രയാണെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ; | ബി) | മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, ഗ്രാമ വികസന വകുപ്പ് കമ്മീഷണറുടെ കാര്യാലയം, ഇൻഫർമേഷൻ കേരള മിഷൻ, കുടുംബശ്രീ, കെ.എസ്.യു.ഡി.പി, ശുചിത്വമിഷൻ, നഗരകാര്യ ഡയറക്ടറേറ്റിന്റെ അനക്സ്, എന്നിവയാണ് തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ തലസ്ഥാനത്ത് വാടകയ്ക്ക് പ്രവർത്തിക്കുന്ന പ്രധാന ഓഫീസുകൾ. ഇവയുടെ പ്രതിമാസ വാടക ചുവടെ ചേർത്തിരിക്കുന്നു. (തുക രൂപയിൽ) |

| | | | |
|---|---|---|---|
| 1 | മുഖ്യനഗരാസൂത്രകന്റെ കാര്യാലയം | - | 90794 |
| 2 | ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ കാര്യാലയം | - | 52114 |
| 3 | ഇൻഫർമേഷൻ കേരള മിഷൻ | - | 373248 |
| 4 | കുടുംബശ്രീ | | 107553 |
| 5 | കെ.എസ്.യു.ഡി.പി | - | 196694 |
| 6 | ശുചിത്വമിഷൻ | - | 18800 |
| 7 | നഗരകാര്യഡയറക്ടറേറ്റിന്റെ അനക്സ് | - | 22851 |

| | | | |
|---|---|---|---|
| സി) | നിലവിൽ സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതെല്ലാം; | സി) | നഗരകാര്യ ഡയറക്ടറുടെ കാര്യാലയം, കമ്മീഷൻ ഫോർ ഡീസെൻട്രലൈസേഷൻ എന്നിവ സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്നുണ്ട്. |
| ഡി) | ഇതിന്റെ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നോട്ടീസ് അയച്ചത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത നോട്ടീസിന് ജൂലൈ 20 ന് മുൻപ് എപ്രകാരമുള്ള വിശദീകരണം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | ഡി) | 26/06/2014-ൽ സർക്കാരിൽ ലഭിച്ച മനുഷ്യാവകാശ കമ്മീഷന്റെ നോട്ടീസ് പരിശോധിച്ചു വരുന്നു. |

ഇ) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന തലസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളുടെ പ്രവർത്തനവും സ്വരാജ് ഭവനിലേയ്ക്ക് മാറ്റാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇ) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന തലസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളും മാറ്റുന്നതിനുള്ള സ്ഥലം സ്വരാജ് ഭവനിൽ ലഭ്യമല്ല. ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ നെറ്റ് വർക്കിംഗ്, ക്യാബിൻ, കമ്പ്യൂട്ടറൈസേഷൻ, ഫർണിഷിംഗ് എന്നിവ കൂടി പൂർത്തീകരിച്ചെങ്കിൽ മാത്രമേ സ്വരാജ്ഭവൻ പൂർണ്ണമായും പ്രവർത്തനക്ഷമമാകുകയുള്ളു. ആയത് പൂർത്തീകരിച്ച് സ്ഥലം അനുവദിക്കപ്പെട്ട ഓഫീസുകൾ സ്വരാജ്ഭവനിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ